(സി) പാവപ്പെട്ടവർക്കുള്ള ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷകളിൻമേൽ ത്വരിതഗതിയിൽ തീർപ്പ് കൽപ്പിച്ച് അർഹരായവർക്ക് ധനസഹായം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദ പുവർ മുഖേന 10/2010 മുതൽ 15-12-2010 വരെ ലഭിച്ച 590 അപേക്ഷകൾ ഇനി തീർപ്പാക്കാനുണ്ട്. 2010 ഏപ്രിൽ മാസം വരെ അപേക്ഷ സമർപ്പിച്ചവർക്ക് ധനസഹായം നൽകിക്കഴിഞ്ഞു. 2010 മെയ് മാസംമുതൽ സെപ്റ്റംബർ മാസം വരെയുള്ളവർക്ക് ധനസഹായം അനുവദിക്കുവാൻ തീരുമാനിച്ചു കഴിഞ്ഞു. ശേഷിക്കുന്ന അപേക്ഷകളും താമസിയാതെ പരിഗണിക്കുന്നതാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ആംബുലൻസുകൾ

15 (594) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഇപ്പോൾ എത്ര ആംബുലൻസുകൾ ഉണ്ട് എന്ന് അറിയിക്കാമോ ;

(ബി) ഇവയിൽ ഇപ്പോൾ പ്രവർത്തനരഹിതമായ എത്ര എണ്ണമുണ്ടെന്നും അറിയിക്കാമോ ;

(സി) മുഴുവൻ ആംബുലൻസുകളുടേയും സേവനം രോഗികൾക്കും മൃതദേഹങ്ങൾ കൊണ്ടുപോകുന്നതിനും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം മേഡിക്കൽ കോളേജ് ആശുപത്രിയിൽ നിലവിലുള്ള ആംബുലൻസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു :

മെഡിക്കൽ കോളേജ് ആശുപത്രി	-	4 എണ്ണം
എസ്.എ.റ്റി. ആശുപത്രി	-	1 എണ്ണം
കണ്ണാശുപത്രി	-	1 എണ്ണം

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഒരു ആംബുലൻസ് പ്രവർത്തന രഹിതമാണ്.

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എല്ലാ ആംബുലൻസിന്റേയും സേവനം രോഗികൾക്കും മൃതശരീരങ്ങൾ കൊണ്ടുപോകുന്നതിനും ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly